മാതൃഭൂമി
Seed
Student Empowerment for Environmental Development
FEDERAL BANK
പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 40 JANUARY 2025



# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13


പൂവറിവ്
Page 14

വർണച്ചിറക്
Page 15-16





Cover photo: Freepic




ആകാശപ്പച്ചയുടെ നാല്പതാമത്തെ ലക്കമാണ് ഇത്. പരിസ്ഥിതിയെ മനസ്സിലും പ്രവൃത്തിയിലും ചേർത്തുനിർത്തുന്ന വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നിതാന്ത ജാഗ്രതയുടെ പ്രതിഫലനമാണ് കഴിഞ്ഞലക്കങ്ങളിലെ താളുകളെ സാർത്ഥകമാക്കിയത്. ലോകത്തുതന്നെ ചൂടും അനുബന്ധ പ്രശ്നങ്ങളും വർധിച്ചു വരുന്ന സാഹചര്യത്തിൽ പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചുള്ള എത്രചെറിയ ചിന്തകളും വളരെ പ്രസക്തമാണ്. പരിസ്ഥിതിസംരക്ഷണത്തിനായുള്ള പ്രയോഗിക ചിന്തകളോടൊപ്പം നമുക്ക് ഒരുമിച്ച് നീങ്ങാം... നല്ല ഭൂമിയെ നിലനിർത്തുന്നതിനായി...

# മനക്കണക്കാകരുത് വനക്കണക്കുകൾ

ഇന്ത്യയിലെ വനവിസ്തൃതിയുടെ കണക്കുകൾ വരുമ്പോൾ നമ്മൾ സന്തോഷിക്കണോ ആശങ്കപ്പെടണോ എന്ന് സംശയിച്ചുപോകും. മുൻവർഷത്തെയപേക്ഷിച്ച് നേരിയ വർധനയുണ്ടെന്നതും ആശ്വാസകരമാണ്. ദെഹ്‌റാദൂണിലെ ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ പുതിയ റിപ്പോർട്ടിലാണ് ഈ കണക്കുകളുള്ളത്. രണ്ടുവർഷത്തിനിടയിൽ 806.36 ചതുരശ്ര കിലോമീറ്റർ വനം വർധിച്ചുവെന്നാണ് കണക്ക്. എന്നാൽ വനങ്ങളെ പരിപാലിച്ച് നിലനിർത്തുന്നതിലും ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിലും ഇതിലും എത്രയോ അധികം ശ്രദ്ധ ആവശ്യമുള്ള രാജ്യമാണ് നമ്മുടെതെന്നകാര്യം നമ്മെ ആശങ്കപ്പെടുത്തുന്നുമുണ്ട്. ലോകത്തിൽ ഏറ്റവുമധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടമെന്നനിലയിൽ വനവും വനവിഭവങ്ങളും സംരക്ഷിക്കുകയെന്നത് അതീവ ശ്രമകരമായ ദൗത്യമാണ്. ഉപഗ്രഹ സർവേ അടക്കം ഉപയോഗപ്പെടുത്തുന്നതിനാൽ വനവിസ്തൃതിയുടെ കൂടുതൽ കൃത്യതയുള്ള കണക്കുകൾ ശേഖരിക്കാനും വിലയിരുത്താനും ഇപ്പോൾ കഴിയുന്നുണ്ട്. കാട്ടുതീപോലുള്ള അപകടങ്ങൾ വളരെ വേഗം തിരിച്ചറിയാൻ പുതിയ സാങ്കേതികവിദ്യകൾ സഹായിക്കുന്നു. ഇതൊക്കെയും വനസംരക്ഷണത്തിന് ശക്തിപകരുമെന്ന് നമുക്ക് പ്രത്യാശിക്കാം.



# വനങ്ങളിലെ ഔഷധസസ്യങ്ങൾ

**വൈ**വിധ്യമാർന്ന സസ്യങ്ങളാൽ സമ്പന്നമാണ് പശ്ചിമഘട്ട വനങ്ങൾ. അക്കൂട്ടത്തിൽ അപൂർവങ്ങളും വിലയേറിയതുമായ ഔഷധസസ്യങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നു. കേരളത്തിലെ 5100 സപുഷ്പികളിൽ 1500- ലധികം ഇനങ്ങൾക്ക് ഔഷധഗുണങ്ങളുള്ളതായി പഠനങ്ങളിൽ കാണുന്നു. ഔഷധസസ്യങ്ങളുടെ വളരെ ചെറിയ ശതമാനംമാത്രമേ കൃഷിചെയ്ത് ഉണ്ടാക്കുന്നുള്ളൂ. പരമ്പരാഗത ആരോഗ്യസംരക്ഷണസസ്യങ്ങളിൽ ഭൂരിഭാഗവും കാട്ടിൽനിന്ന് ശേഖരിക്കുന്നവയാണ്. ശതാവരി, ചെറുവഴുതന, കുന്നി, ചെറൂള, പൊൻകുരണ്ടി, പുത്തിരിച്ചുണ്ട, ഓരില, മൂവില, ചങ്ങലംപരണ്ട, കാട്ടുകുറിഞ്ഞി, തിപ്പലി, കുറുന്തോട്ടി തുടങ്ങിയവ കേരളത്തിലെ വനങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രധാന ഔഷധസസ്യങ്ങളാണ്. കാട്ടിൽനിന്ന് അശാസ്ത്രീയമായി ഔഷധസസ്യങ്ങൾ ശേഖരിക്കൽ, അശാസ്ത്രീയമായ കൃഷിരീതികൾ എന്നിവ ഔഷധസസ്യങ്ങളുടെ നിലനിൽപ്പ് അപകടത്തിലാക്കുന്നു. അതിനാൽ ഔഷധസ്രോതസ്സുകൂടിയായ സ്വാഭാവിക വനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത നമ്മൾ മറക്കരുത്.



ഷാരു ഷിന്റോ
സെയിന്റ് ജെറോംസ് എച്ച്.എസ്.
വെള്ളയാംകുടി , ഇടുക്കി

# മാറണ്ടേ നമ്മുടെ നാട്?

കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നാണല്ലോ വിശേഷിപ്പിക്കപ്പെടുന്നത്. പ്രകൃതി രമണീയത കൊണ്ട് അനുഗ്രഹീതമായ പ്രദേശം. പച്ചപ്പ് നിറഞ്ഞ സഹ്യാദ്രിയും നീല വർണ്ണമണിഞ്ഞ കടലോരവും ഏവരുടെയും ഹൃദയത്തെ പുളകം കൊള്ളിക്കും. മലനാട് ,ഇടനാട്, തീരപ്രദേശം എന്നിങ്ങനെ നമ്മുടെ നാടിനെ തരംതിരിച്ചിട്ടുണ്ട്. ഒരു കാലത്ത് ഏറ്റവും മനോഹരമായിരുന്ന കേരളം ഇന്ന് മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുന്നു. കുന്നും കടലും കായലും പ്ലാസ്റ്റിക് നിറഞ്ഞ് മലിനമായിരിക്കുന്നു. മാലിന്യം വലിച്ചെറിയപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തണം. ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകണം. ഏതുതരം മാലിന്യമായാലും അവ ശരിയായി ശേഖരിച്ച് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയണം. എങ്കിൽ മാത്രമേ കേരളത്തിന് ദൈവത്തിന്റെ നാട് എന്ന പേരിന് അർഹതയുള്ളു. നമ്മുടെ മനോഭാവം മറ്റുന്നതിലൂടെ മാത്രമെ നമുക്ക് കേരളത്തെ വീണ്ടെടുക്കാൻ കഴിയുകയുള്ളൂ.



കെ. ജയചന്ദ്രൻ, സീഡ് കോഡിനേറ്റർ
ജി.എച്ച്.എസ്.എസ്. രാവണേശ്വരം
കാസർകോട്



# മീൻ കൂമൻ

ഇരുന്നൂറിലധികം കുടുംബക്കാരുള്ളതിൽ തന്റേതായൊരിടം സൃഷ്ടിച്ചെടുത്ത ഇരപിടിയൻപക്ഷിയാണ് മീൻ കൂമൻ. പകൽ വിശ്രമിച്ച് രാത്രി സഞ്ചാരം നടത്തുന്ന കൂമൻകുടുംബക്കാർക്കിടയിലാണ് രാപകൽ ഭേദമില്ലാതെ ഇക്കൂട്ടർ സഞ്ചാരം നടത്തി ഇരപിടിക്കുന്നത്. വലിയ മഞ്ഞക്കണ്ണുകളും ഇരുണ്ട നിറമുള്ള കൊക്കും തൊണ്ടയിൽനിന്ന് നെഞ്ചുവരെ നീണ്ടുകിടക്കുന്ന നരച്ച താടിയും ഇവരുടെ പ്രത്യേകതകളാണ്. ഇഷ്ടഭക്ഷണം മീനായതുകൊണ്ടായിരിക്കാം മീൻ കൂമൻ എന്ന് പേര് വന്നത്. മീൻപിടിക്കാൻ സജ്ജമായ കാലുകളുള്ളതിനാൽ വെള്ളത്തിലേക്കിറങ്ങിനിന്ന് മീൻ പിടിക്കാൻ ഇവയ്ക്കൊരു പ്രയാസവുമില്ല. അദ്ഭുതമായ രീതിയിലാണ് മീനുകളെ കൃത്യമായി പിന്തുടർന്ന് ഓളപ്പരപ്പിലൂടെ കുതിച്ചിറങ്ങി, പിടികൂടുന്നത്. മരപ്പൊത്തുകളിലും പാതി മുറിഞ്ഞ മരങ്ങളിലും പാറക്കെട്ടുകൾക്കിടയിലും ചെറിയ ഗുഹകളിലുമെല്ലാം കൂടുകൂട്ടാറുള്ള ഇക്കൂട്ടർ ജീവിതത്തിൽ മിക്കവാറും ഒരേയൊരു പങ്കാളിയെയാണ് തിരഞ്ഞെടുക്കാറുള്ളത്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ എല്ലായിടത്തുമുണ്ടെങ്കിലും നമ്മുടെ മീൻ കൂമനെ നേരിൽ കണ്ടുകിട്ടുക എളുപ്പമല്ല.



ബിന്ദു ആന്റണി
സെന്റ് ജോസഫ്സ്
ഇംഗ്ലീഷ് മീഡിയം സ്കൂൾ
പുത്തനങ്ങാടി, മലപ്പുറം

ഈ ഫോട്ടോ കാണാം

# പറവക്കൂട്ട്



സ്ഥലം: കാരയിൽനട, ചെറുവണ്ണൂർ, മേപ്പയ്യൂർ

ലിജു സി.
സീഡ് അധ്യാപക കോഡിനേറ്റർ
ചെറുവണ്ണൂർ എൽ.പി. സ്കൂൾ, മേപ്പയൂർ

# Fish Amino Acid

## എളുപ്പത്തിൽ തയ്യാറാക്കാം മത്തി ശർക്കര ലായനി

വിളകളെ ആരോഗ്യമുള്ളവയായി പരിപാലിക്കാൻ എളുപ്പവഴിയാണ് മത്തി ശർക്കര ലായനി. ഇത് തയ്യാറാക്കാൻ 500 ഗ്രാം മത്തിയാണ് എടുക്കുന്നതെങ്കിൽ 500 ഗ്രാം ശർക്കരയും വേണം. മത്തി നല്ല വെള്ളത്തിൽ രണ്ടുതവണ കഴുകണം. ശർക്കരയും ചീവിയെടുക്കണം. അടപ്പുള്ള പ്ലാസ്റ്റിക് കണ്ടെയ്നറോ മൺപാത്രമോ മിശ്രിതം തയ്യാറാക്കാനായി ഉപയോഗിക്കാം. പാത്രം തുടച്ച് വൃത്തിയാക്കിയ ശേഷം ആദ്യം കുറേശ്ശെ ശർക്കര ഇടുക, തുടർന്ന് മത്തി ഇടുക. ഇതേരീതിയിൽ തുടർന്നും ഇടുക. മുകൾഭാഗത്ത് ശർക്കരതന്നെ ഇടണം. ശേഷം കണ്ടെയ്നർ നന്നായി അടച്ചുവയ്ക്കണം 21 ദിവസമാകുമ്പോൾ ഇത് കുഴമ്പുരൂപത്തിലാവും. മത്തിയുടെ മണമുണ്ടാവില്ല. ഈ മിശ്രിതം കണ്ണിയകലമുള്ള അരിപ്പ ഉപയോഗിച്ച് അരിച്ചെടുത്ത് കുപ്പിയിലാക്കി അടച്ചുവയ്ക്കാം. ഒരുലിറ്റർ വെള്ളത്തിൽ അഞ്ചുമുതൽ 20 വരെ മില്ലി കലക്കി ചെടികളുടെ വളർച്ചയനുസരിച്ച് തളിക്കാം. കീടരോഗനിയന്ത്രണത്തിനൊപ്പം കൂടുതൽ കായ്കൾ ലഭിക്കാനും നല്ലതാണ്.







പാർവതി പാർവതി. എസ്
തെക്കുംതറ കൊക്കോതമംഗലം
ചേർത്തല, ആലപ്പുഴ

സിനിമാപാട്ടിലെ പ്രകൃതി

# കാനനച്ഛായയിൽ ആടു മേയ്ക്കാൻ



1954-ൽ പുറത്തിറങ്ങിയ നീലക്കുയിൽ എന്ന മലയാള ക്ലാസിക് ചിത്രത്തിലെ കാനനച്ഛായയിൽ... എന്ന് തുടങ്ങുന്ന ഗാനം പ്രകൃതിയുടെ കാവ്യാത്മകമായ ആഘോഷമാണെന്ന് പറയാതെവയ്യ. വൃക്ഷങ്ങളുടെ മൃദുല ചാഞ്ചാട്ടവും ഇലകളിലൂടെ അരിച്ചിറങ്ങുന്ന സൂര്യപ്രകാശവും ഗ്രാമീണകേരളത്തിന്റെ ചാരുത വർണിക്കുന്നവയാണ്. അങ്ങാ വനത്തിലെ കാഴ്ച കാണാൻ എന്നെയും കൂടൊന്ന് കൊണ്ടുപോകൂ എന്ന വരികൾ, അസഹ്യമായ ചൂടും പൊടിപടലങ്ങളും കൊണ്ട് പൊറുതിമുട്ടിയ നഗരവാസികളുടെ തീവ്രമായ ആഗ്രഹംപോലെ തോന്നുന്നു ഇപ്പോൾ. കാനനത്തിലൂടെ ആടുകളെ തീറ്റിനടക്കുന്ന ഇടയബാലന്റെ നിഷ്കളങ്കതയും കാട്ടരുവിയും കാടിന്റെ തണുപ്പും തണലും കിളിക്കൊഞ്ചലുമെല്ലാം ഗൃഹാതുരസ്മരണകൾ ഉണർത്തുന്നു. പാടില്ല... പാടില്ല... നമ്മെ നമ്മൾ പാടേ മറന്നൊന്നും ചെയ്തുകൂടാ... എന്ന് കേൾക്കുമ്പോൾ, മനുഷ്യബന്ധങ്ങളുടെ കാര്യത്തിലെന്നപോലെ പ്രകൃതിയോടുള്ള ഇടപെടലിലും നാം എത്ര ശ്രദ്ധാലുക്കളായിരിക്കണമെന്ന് ഓർമിപ്പിക്കുന്നതായി തോന്നും.

ജാസ്മിൻ ജോസ്, അധ്യാപിക
സെയിന്റ് ജോർജ് യു.പി. സ്കൂൾ
മൂലമറ്റം ഇടുക്കി

ഇത് അതിശയം തന്നെ

# കൊള്ളക്കാരൻ പക്ഷി



കരീബിയൻ, ഗാലപ്പാഗോസ് ദ്വീപുകളിൽ പ്രധാനമായും കണ്ടുവരുന്ന അതിശയ കടൽപ്പക്ഷിയാണ് ഫ്രിഗേറ്റ്. കടൽപ്പക്ഷി ആണെങ്കിലും ഇതിന് നീന്താനുള്ള കഴിവില്ല. ഈ കുറവു പരിഹരിച്ചുകൊണ്ട് ഇരപിടിക്കാൻ ഇവയ്ക്കൊരു തന്ത്രമുണ്ട്- കൊള്ളയടിക്കൽ തന്നെ. മറ്റ് കടൽപ്പക്ഷികൾ ഇര കൊത്തി പറന്നു പോകുമ്പോൾ ഫ്രിഗേറ്റ് അതിന്റെ പിന്നാലെ പറന്നു കൊക്കിൽ നിന്നും ഇരയെ തട്ടിയെടുക്കും. ഈ പക്ഷികളുടെ ആക്രമണ സ്വഭാവം കാരണം ഫ്രഞ്ച് നാവികരാണ് യുദ്ധക്കപ്പൽ എന്ന് അർത്ഥമുള്ള ഫ്രിഗേറ്റ് എന്ന പേര് നൽകിയത്. ഫ്രിഗേറ്റിന്റെ വിസ്മയം ഇവിടം കൊണ്ട് അവസാനിക്കുന്നില്ല. രണ്ട് മാസത്തോളം നിലത്ത് ഇറങ്ങാതെ അന്തരീക്ഷത്തിൽ ചിറകടിച്ചു നിൽക്കാനും ഇതിനിടയിൽ ഉറങ്ങാനും ഇവക്ക് കഴിയും. ഇത് ഇന്നും ശാസ്ത്രലോകത്തെ അതിശയിപ്പിക്കുന്നു.

ഡേവിഡ് ഇഷാൻ സേവിയർ
ശബരിഗിരി ഇന്റർനാഷണൽ സ്കൂൾ,
ശ്രീകാര്യം, തിരുവനന്തപുരം





# സൂക്ഷിക്കണം സൂര്യതാപത്തെ

മേഘാവൃതമായ ദിവസങ്ങളിൽ സൂര്യതാപം ഏൽക്കില്ലെന്നാണ് പൊതുവേയുള്ള ധാരണ. സൂര്യനിൽ നിന്നുള്ള എല്ലാ അൾട്രാവയലറ്റ് രശ്മികളെയും മേഘങ്ങൾ തടയുന്നുവെന്ന് ആളുകൾ കരുതുന്നു. യഥാർഥത്തിൽ മേഘാവൃതമായ ദിവസങ്ങളിൽപോലും, അൾട്രാവയലറ്റ് രശ്മികളുടെ 80 ശതമാനംവരെ മേഘങ്ങളിലൂടെ തുളച്ചുകയറുകയും ഭൂമിയുടെ ഉപരിതലത്തിൽ എത്തുകയും ചെയ്യും. അതായത് മേഘങ്ങൾ ഉള്ളപ്പോഴും സൂര്യതാപം ലഭിക്കും. സൂര്യൻ പൂർണമായി ദൃശ്യമാകാത്തപ്പോൾപോലും സൂര്യതാപം എത്തുന്നതിന് തടസ്സമില്ല എന്നർഥം.

ആൻലിയോ അനീഷ്
സെയിന്റ് സേവിയേഴ്സ് സി.യു.പി.എസ്.
പുതുക്കാട്, തൃശ്ശൂർ



# വനം ഒരു വരം

**ലോ**കമെമ്പാടുമുള്ള ജനസംഖ്യയുടെ ത്വരിതഗതിയിലുള്ള വർധന, നഗരവത്കരണം, വ്യവസായവത്കരണം തുടങ്ങിയവ വനനശീകരണത്തിന്റെ പ്രധാന കാരണങ്ങളാണ്. ഇതിന്റെ പ്രത്യാഘാതം വന്യജീവികളുടെ വംശനാശത്തിനും അമൂല്യമായ വൃക്ഷങ്ങളുടെ നാശത്തിനും കാരണമായി. ആവാസവ്യവസ്ഥയുടെ തകർച്ചയുടെ ഫലമായി വന്യജീവികൾ നാട്ടിലിറങ്ങി മനുഷ്യരുടെ ജീവനും കാർഷികവിളകൾക്കും നാശം വിതയ്ക്കുകയാണ്. ഇത് രാജ്യപുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ മണ്ണൊലിപ്പ്, വരൾച്ച, വെള്ളപ്പൊക്കം, കാലാവസ്ഥാവ്യതിയാനം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾക്ക് വഴിവയ്ക്കുന്നു, ഒപ്പം മാനവരാശിയുടെ തകർച്ചയ്ക്കും. നമ്മുടെ പ്രകൃതിയെ നിലനിർത്തുന്ന ദേശീയസമ്പത്തായ വനങ്ങളെ സംരക്ഷിച്ചുനിർത്താനുള്ള അടിയന്തരനടപടികൾ കൈക്കൊള്ളേണ്ടത് അത്യാവശ്യമാണ്.

മായ എം.കെ.
സീഡ് ടീച്ചർ കോഡിനേറ്റർ
സി.കെ.എം.ഇ.എം. എൽ.പി.എസ്.,
കോരുത്തോട്

പൂവറിവ്



# ചെറുതേക്ക്

**ക്ഷേ**ത്രങ്ങളിൽ ദീപാരാധനയ്ക്ക് ഉപയോഗിക്കുന്ന തട്ടുവിളക്കുപോലെ, ആകാശനീല നിറത്തിൽ കാണപ്പെടുന്നവയാണ് ചെറുതേക്കിന്റെ പൂക്കൾ. ഇലകൾക്ക് രൂക്ഷഗന്ധമാണ്. അസുഖങ്ങൾ മാറ്റാനായി വേരും ഇലകളും ഉപയോഗിക്കുന്നു. അനേകം ആയുർവേദമരുന്നുകളിലെ ഒരു പ്രധാന ചേരുവയാണ് ചെറുതേക്ക്. Clerodendrum Serratum എന്നതാണ് ശാസ്ത്രനാമം. ബ്ലൂ ഫൗണ്ടെയ്ൻ ബഷ്, ബ്ലൂ ഫ്ളവേഡ് ഗ്ലോറി ട്രീ, ബീറ്റൽ കില്ലർ, കാന്തഭംഗി എന്നീ പേരുകളിൽ ഈ സസ്യം അറിയപ്പെടുന്നു. ഇലകളുടെ അരികുകൾക്ക് ചെമ്പരത്തിയിലകളോട് സാമ്യമുണ്ട്. പൂക്കൾക്ക് കൃഷ്ണകിരീടപ്പൂവിനോടും. തണ്ടുകൾ ചതുഷ്കോണാകൃതിയിലാണ്.

ജിയാ തോമസ്
കാതോലിക്കേറ്റ് എച്ച്.എസ്.എസ്.
പത്തനംതിട്ട

വർണച്ചിറക്

കവിത



# പ്രകൃതി

ഉൾവിളി എന്റെ ചിന്തകളാണ്
കർണങ്ങൾ കാതോർക്കുന്നു
എന്നിലേക്ക് വന്നുനിറയുന്ന കാഴ്ചകൾ
എന്നിലേക്ക് വന്നണയുന്ന പ്രകൃതി

ആരും കടക്കാത്ത വാതിൽ തുറന്ന്
ആരും കാണാത്ത ലോകം കാട്ടി
അതെന്നിലുണർത്തി സത്ചിന്തകൾ
അവർണനീയം എന്നിലെ നിർവൃതി

മാതൃഭൂമി
ആകാശപ്പച്ച
2025 ജനുവരി

കെ. ശ്രീന
സീഡ് ടീച്ചർ കോഡിനേറ്റർ
ശ്രീ സരസ്വതി വിദ്യാമന്ദിർ, കാരിക്കോട്
കോട്ടയം

# ഒരു രാത്രി

വർണച്ചിറക് | കഥ

ഉയർന്നുനിന്ന കെട്ടിടങ്ങൾ കാണാനില്ല. വീടുകളും പൂന്തോട്ടങ്ങളും റോഡുകളും ഒന്നും എവിടെയെന്നുപോലും തിരിച്ചറിയാനാവുന്നില്ല. ഇന്നലെ വൈകീട്ടുവരെ സംസാരിച്ച അയൽപക്കക്കാരെ കാണാനില്ല. ചളിയിൽ പൊതിഞ്ഞ ഒരു നാട്. എങ്ങും കരച്ചിലിന്റെ ശബ്ദംമാത്രം.

സുഹറ മെല്ലെ കണ്ണ് തുറന്നു, 'ഉമ്മാ...' അവൾ ഉറക്കെ വിളിച്ചു. പക്ഷേ, ആരും മറുപടി നൽകാൻ ഉണ്ടായിരുന്നില്ല. മെല്ലെ എഴുന്നേൽക്കാൻ തുടങ്ങിയപ്പോഴാണ് തന്റെ ശരീരത്തിൽ പറ്റിയ ഓരോ മുറിവും വേദനയും അവൾ തിരിച്ചറിഞ്ഞത്.

"ഇതെവിടെയാണ്? ഉമ്മാ... ഉപ്പാ... നിങ്ങൾ എവിടെയാണ്?" അവൾ നിലവിളിച്ചു.

സുഹറയുടെ ശബ്ദം കേട്ട് ഓടിവന്ന നഴ്സ് അവളെ ആശ്വസിപ്പിച്ചു.

"ഒന്നുമില്ല മോളെ, നീ ആശുപത്രിയിലാണ്. എല്ലാവരും പുറത്തുണ്ട്. സമാധാനമായി കിടക്ക്...' ", നഴ്സ് ഒരു കളവ് പറഞ്ഞു.

ഒരൊറ്റ രാത്രി, ആ രാത്രി എന്ത് സംഭവിച്ചു? പ്രകൃതിക്ക് താളം തെറ്റിയതാണോ?.... അതോ കോപിച്ചതോ?



മാതൃഭൂമി ആകാശപ്പച്ച
2025 ജനുവരി


ആദിറ്റ ശിവാനി സച്ചിൻ
അസംപ്ഷൻ എ.യു.പി.എസ്.
സുൽത്താൻ ബത്തേരി, വയനാട്

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

മാതൃഭൂമി
ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

**കാടില്ലെങ്കിൽ
കാട്ടുമൃഗങ്ങൾ മാത്രമല്ല
നമ്മളും ഇല്ലാതായിപ്പോകും,
അത് മറക്കരുത്!**



Published by Mathrubhumi Seed